പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) 40 ലക്ഷത്തോളം പാഠപുസ്തകങ്ങൾ അച്ചടിച്ച് നൽകുവാനുള്ള സംവിധാനം ഗവൺമെന്റ് പ്രസ്സുകളിൽ നിലവിലുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഉന്നതാധികാര സമിതിയുടെ യോഗത്തിൽ സർക്കാർ പ്രസ്സുകൾക്ക് പാഠപുസ്തകങ്ങളുടെ അച്ചടി സംബന്ധിച്ച ഉത്തരവ് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. 30 ലക്ഷത്തോളം പാഠപുസ്തകങ്ങളുടെ അച്ചടി അച്ചടിവകുപ്പിനെ ഏൽപ്പിക്കാൻ പൊതുവിദ്യാഭ്യാസ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഉന്നതാധികാര സമിതി തീരുമാനിച്ചിട്ടുണ്ട്.

(സി) നിലവിലുണ്ട്.

മത്സ്യബന്ധനത്തിന്റെ അനുബന്ധമേഖലകൾ

*21 [523] ശ്രീ. കെ. ബാബു:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, പി. ജെ. ജോയി:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന്റെ അനുബന്ധമേഖലകൾ ഏതെല്ലാമാണ് എന്ന് അറിയിക്കുമോ;

(ബി) ഈ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ;

(സി) ഇവർക്ക് ക്രമമായി തൊഴിൽ ലഭിക്കുന്നുണ്ടോ;

(ഡി) ഇവർക്ക് തൊഴിൽ ലഭ്യമല്ലാത്ത അവസരങ്ങളിൽ സഹായം നൽകുന്നുണ്ടോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) മത്സ്യബന്ധനത്തിന്റെ അനുബന്ധമേഖലകൾ താഴെപ്പറയുന്നവയാണ്:

1. മത്സ്യവിപണന വിതരണക്കാർ.
2. വല നിർമ്മാണം.
3. ചെമ്മീൻ വളർത്തൽ.
4. ചെമ്മീൻ പീലിംഗ്.
5. ഐസ് നിർമ്മാണം.
6. മൂല്യവർദ്ധിത മത്സ്യോൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും.
7. മത്സ്യസംസ്കരണവും കയറ്റുമതിയും

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) ഭാഗികമായി ലഭിക്കുന്നുണ്ട്.

(ഡി) ഇല്ല.

അപകടത്തിൽപ്പെട്ട് മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം

*22 [524] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, എൻ. ഡി. അപ്പച്ചൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിലേർപ്പെട്ട് അപകടത്തിൽ മരിക്കുന്ന മത്സ്യ തൊഴിലാളികളുടെ ആശ്രിതർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആനുകൂല്യങ്ങളിൽ എന്തെങ്കിലും കുറവുകൾ വന്നിട്ടുണ്ടോ;

(സി) ഇത്തരക്കാർക്ക് ധനസഹായം ലഭിക്കുന്നതിനുവേണ്ടിയുള്ള ഇൻഷ്വറൻസ് പദ്ധതിയിലെ സർക്കാർ വിഹിതത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ;

(ഡി) എത്ര മത്സ്യത്തൊഴിലാളികൾക്ക് ഇപ്പോൾ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം ആശ്രിതർക്ക് ഒരു ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. കൂടാതെ മത്സ്യഫെഡ് മുഖേന നടപ്പാക്കുന്ന അപകട ഇൻഷ്വറൻസിൽ ചേർന്നിട്ടുള്ളവരുടെ ആശ്രിതർക്ക് 1.50 ലക്ഷം രൂപ നൽകിവരുന്നു. ഇതിന് പുറമെ ഇക്കഴിഞ്ഞ മെയ് മൂന്നു മുതൽ ഉണ്ടായ പ്രകൃതിക്ഷോഭത്തിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഒരു പ്രത്യേക കേസ് ആയി 50,000 രൂപ വീതം സർക്കാർ അനുവദിച്ചിട്ടുണ്ട്.

(ബി ആന്റ് സി) ഇല്ല.

(ഡി) ഗ്രൂപ്പ് ഇൻഷ്വറൻസിന്റെ ആനുകൂല്യം 220275 മത്സ്യത്തൊഴിലാളികൾക്കും അപകട ഇൻഷ്വറൻസിന്റെ ആനുകൂല്യം 37855 പേർക്കും ലഭിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly